**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **09-10-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട തെക്കേക്കര ഗ്രാമപഞ്ചായത്തിലെ തെക്കേക്കര ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തെക്കേക്കര പഞ്ചായത്തിന് വേണ്ടിയുള്ള രണ്ടാം ഘട്ട പ്രവൃത്തിയിൽ പ്രായിക്കര ജലശുദ്ധീകരണശാലയുടെ പുനരുദ്ധാരണം, 66 കി.മീ. കുടിവെള്ള വിതരണ ശൃംഖല ദീർഘിപ്പിക്കൽ, 9745 കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തി എന്നിവയാണുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | തെക്കേക്കര ഗ്രാമപഞ്ചായത്തിലെ കുറച്ചുക്കാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കല്ലുമല റയിൽവേ ലൈൻ ക്രോസിംഗിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | തെക്കേക്കര പഞ്ചായത്തിലെ കുറത്തികാട് 2008 ൽ നിർമ്മിച്ച ജലസംഭരണിയിലേയ്ക്ക് പ്രായിക്കര ശുദ്ധീകരണശാലയിൽ നിന്നും വെള്ളം കൊണ്ടുവരണമെങ്കിൽ മാവേലിക്കര കല്ലുമലയിൽ റെയിൽവേ ക്രോസ്സ് ചെയ്ത് പൈപ്പ് സ്ഥാപിക്കേണ്ടിയിരുന്നു. ഇതിനായി കല്ലുമലയിൽ റെയിൽവേ ചെയിനേജ് 105/600 നും 105/700നും ഇടയിൽ റെയിൽ ക്രോസ്സ് ചെയ്യുന്നതിനുവേണ്ട അനുമതിക്കായി 12/08/2015-ൽ അപേക്ഷ സമർപ്പിച്ചിരുന്നു.<br><br>2020 ൽ ഭരണാനുമതി ലഭിച്ച ജല ജീവൻ മിഷൻ പദ്ധതി ഭരണിക്കാവ്, തെക്കേക്കര, വള്ളികുന്നം, കൃഷ്ണപുരം പഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികളുടെ നവീകരണ പ്രവൃത്തികളുടെ ഭാഗമായി പദ്ധതി പൂർത്തീകരണത്തിനുവേണ്ടി കല്ലുമലയിലെ റെയിൽവേ ക്രോസ്സിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതേ തുടർന്ന് കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും സതേൺ റെയിൽവേ ഉദ്യോഗസ്ഥരും 13/04/2021 ൽ ചേർന്ന യോഗത്തിൽ നിലവിലുള്ള ROB ക്ക് സമാന്തരമായി ജലവിതരണ കുഴലുകൾക്ക് മാത്രമായി ഒരു ഓവർ ഹെഡ് സ്ട്രക്ചറൽ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി റെയിൽവേ അധികൃതരെ അറിയിക്കുകയും റെയിൽവേയിൽ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് റെയിൽവേ |

| | | | |
|---|---|---|---|
| | | | അധികൃതർ സ്ഥലപരിശോധന നടത്തി റെയിൽവേ ലൈൻ നാലുവരിയായി വർദ്ധിപ്പിക്കാൻ സാധ്യതയുള്ളതിനാൽ സ്ട്രക്ചറൽ ബ്രിഡ്ജ് റീ-ഡിസൈൻ ചെയ്ത് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു. അതിനനുസരിച്ച് പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ച് കരാർ നടപടികൾ പൂർത്തിയാക്കി. കരാറുകാരൻ റെയിൽവേയിൽ നിന്നും അനുമതി ലഭ്യമാക്കി വർട്ടിക്കൽ പോസ്റ്റുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>റെയിൽവേ ലൈൻ ക്രോസ്സ് ചെയ്യുന്നതിന് CRS അനുമതി കൂടി ആവശ്യമായതിനാൽ അനുബന്ധ രേഖകൾ 19/09/2023-ൽ റെയിൽവേയ്ക്ക് നൽകുകയുണ്ടായി.<br><br>ലോഞ്ചിംഗ് സ്കീം ഡ്രോയിംഗ്, ഇലക്ട്രിക്കൽ ട്രാക്ഷൻ നോട്ടീസ് എന്നിവയിൽ ഭേദഗതി (കറക്ഷൻ) വരുത്തുവാൻ റയിൽവേ നിർദ്ദേശിക്കുകയുമുണ്ടായി. ഡ്രോയിംഗ്സും അനുബന്ധ രേഖകളും കറക്ട് ചെയ്ത് റയിൽവേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കല്ലുമല റെയിൽവേ ക്രോസ്സിന് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 220 മിനിറ്റ് ട്രയിൻ ഗതാഗതം നിർത്തിവയ്ക്കുവാൻ വേണ്ടിയുള്ള CRS സാംങ്ഷൻ റയിൽവേയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പണി പൂർത്തീകരിക്കുന്ന രീതിയിലാണ് ക്രമീകരണങ്ങൾ നടത്തിയിരിക്കുന്നത്. ഇതുവരെയും അനുമതി ലഭ്യമായിട്ടില്ല. |
| (സി) | മാവേലിക്കര തഴക്കര ഗ്രാമപഞ്ചായത്തിൽ വാർഡ്-7 ൽ കല്ലുവളയം പള്ളിക്കു സമീപം അച്ചൻകോവിലാർ ആറ്റുതീരം സംരക്ഷണഭിത്തി കെട്ടുവാൻ ബജറ്റിൽ അനുവദിച്ച മൂന്ന് കോടിയുടെ പദ്ധതി നടപ്പിലാക്കുവാൻ മേജർ ഇറിഗേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | മാവേലിക്കര തഴക്കര ഗ്രാമപഞ്ചായത്തിൽ വാർഡ്-7 ൽ കല്ലുവളയം പള്ളിക്കു സമീപം അച്ചൻകോവിലാർ ആറ്റുതീരം സംരക്ഷണഭിത്തി കെട്ടുവാൻ ബജറ്റിൽ അനുവദിച്ച മൂന്ന് കോടിയുടെ പദ്ധതി നടപ്പിലാക്കുന്നതോടനുബന്ധിച്ച് മണ്ണ് പരിശോധന പൂർത്തീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ